പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1317 — 15.6.2012-ൽ മറുപടിക്ക്

## ക്ലീൻ സിറ്റി കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>" എ. പ്രദീപ്കുമാർ<br>" സാജു പോൾ<br>" കെ. സുരേഷ് കുറുപ്പ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ മാലിന്യം കുന്നുകൂടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) നഗരങ്ങളിൽ മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുമ്പോൾ ജനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന എതിർപ്പ് മൂലം നഗരങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യം പൂർണ്ണമായും ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടാൻ സാധിക്കുന്നില്ല. ആകയാൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ഒരു ഭാഗം ചില നഗരങ്ങളിൽ സംസ്ക്കരിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) നഗരമാലിന്യ നിർമ്മാർജ്ജനത്തിനായി ക്ലീൻസിറ്റി കമ്പനി രൂപീകരിച്ച് ഒരു വർഷ കർമ്മപരിപാടി നടപ്പാക്കപ്പെടാതെ പോയത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;<br>സി) പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ? | ബി) & സി) 2012-2012ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബസ് ഷെൽറ്ററുകൾ, ജലവിതരണം, പൊതുകക്കൂസുകൾ, നഗരശുചീകരണം, എന്നിവയ്ക്കായി നാല് 'സിയാൽ മോഡൽ' കമ്പനികൾ തുടങ്ങുന്നതിനാവശ്യമായ മൂലധനമായ 40 കോടി രൂപയിൽ 10 കോടി രൂപ സർക്കാരിന്റെ 26% മൂലധന പങ്കാളിത്തത്തിനായി വകയിരുത്തിയിരുന്നു. 02/11/2011ലെ സ.ഉ(കൈ)282/2012/തസ്വഭവ പ്രകാരം ''കേരള വേസ്റ്റ് മാനേജ്മെന്റ് കമ്പനി'' രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ